Draft #1 of File 110184/AC A1-2/2021/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 18-Aug-2021 01:04 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## <u>സംഗ്രഹം</u>

2021-'22 അധ്യയന വർഷം മുതൽ ഏകജാലക സംവിധാനം വഴി സ്വാശ്രയ ബി.എഡ് പ്രോഗ്രാമുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനം - നിർദ്ദേശങ്ങൾ നൽകിക്കൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4084/AC A 1/2021/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 18.08.2021

---

*പരാമർശം:*-1. സ്വാശ്രയ ബി.എഡ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറി 28.06.2021 -ൽ സമർപ്പിച്ച കത്ത്

## <u>ഉത്തരവ്</u>

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഏകജാലക പ്രക്രിയ വഴിയാണ് നടത്തപ്പെടുന്നത്.എന്നാൽ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പരാമർശം (1) പ്രകാരം പരാതി ലഭിച്ചിരുന്നു .

ടി വിഷയം പരിഗണിച്ചുകൊണ്ട്, സർവ്വകലാശാലയിലെ ഏകജാലക സംവിധാനത്തിലൂടെ 2021-22 അധ്യയന വർഷം മുതൽ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപ്രക്രിയ കൂടുതൽ സുഗമമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഓരോ കോളേജിലേയും ബി.എഡ് പ്രോഗ്രാമുകൾക്ക് NCTE അനുവദിച്ചതും സർവ്വകലാശാല അഫിലിയേഷൻ നൽകിയതുമായ മൊത്തം സീറ്റുകളിൽ അധികരിക്കാത്ത തരത്തിൽ വിവിധ വിഷയങ്ങൾക്ക് സീറ്റ് സ്ഥിരമായി നിജപ്പെടുത്തുന്നു.

2.ഇത്തരത്തിൽ വിവിധ വിഷയങ്ങൾക്ക് നിജപ്പെടുത്തിയ സീറ്റിൽ മാനേജ്മെന്റ് സീറ്റുകളിൽ അപേക്ഷകർ ലഭ്യമല്ലാത്ത വിഷയങ്ങളുടെ സീറ്റുകൾ മറ്റ് വിഷയങ്ങളിലേക്ക് പൂൾ ചെയ്യാവുന്നതാണ്.

3.മാനേജ്മെന്റ് സീറ്റുകളിലെ interchangeability സ്വാശ്രയ പ്രോഗ്രാമുകൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

4. എതെങ്കിലും വിഷയത്തിലെ മാനേജ്മെന്റ് സീറ്റിലേക്ക് അപേക്ഷകർ ഉള്ള പക്ഷം inter changeability യാതൊരു കാരണവശാലും അനുവദനീയമല്ല

5. സർക്കാർ നിർദ്ദേശമനുസരിച്ച് മെറിറ്റ് സീറ്റുകളിലെ പ്രവേശനം സർവ്വകലാശാലയുടെ ഏകജാലക പ്രവേശന സംവിധാനം വഴി തന്നെയാവും തുടർന്നും നടത്തുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മായാ ജെ പള്ളിപ്പറമ്പിൽ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട കോളേജുകൾ
2.വി.സി /പി.വി.സി എന്നിവരുടെ പി.എസ്
3.രജിസ്ട്രാർ/ എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ
4.എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷ/ഫിനാൻസ്)
5.എസി.എ 1/ എ സി ബി 6 / എ സി എ 12 / എ.ടി.ആർ
6.സിറ്റാഡ്/ഐ.ക്യു.എ.സി
7.കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
8.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #1 of File 110184/AC A1-2/2021/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 18-Aug-2021 01:04 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം